# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ: 4202

25.06.2018-ലെ മറുപടി

## മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ; | (എ) ജപ്പാൻ സഹായത്തോടെയുള്ള പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികൾ മാത്രമാണ് ഇനി അവശേഷിക്കുന്നത്. പദ്ധതിയിൽ ഏകദേശം 963 കി മീ വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച ജലവിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പണികൾക്ക് ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s. K Ramakrishna Contractors Pvt Ltd, Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ച പോയതിനാൽ 2012 ൽM/s. Tecpro Infra Projects Ltd, Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരൻറെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു.<br>എന്നാൽ M/s. Tecpro Infra Projects Ltd പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31.07.2017 ൽ അവസാനിപ്പിക്കുകയും ചെയ്തു.<br>അവശേഷിക്കുന്ന പണികൾ പൂർത്തികരിക്കുന്നതിനായി M/s. Tecpro യുടെ റിസ്ക് ആൻഡ് കോസ്റ്റിൽ 23.01.2018 തുറക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിരുന്നു. അതിൽ ഒരു കരാറുകാരൻ പങ്കെടുത്തിരുന്നുവെങ്കിലും സാങ്കേതിക യോഗ്യത നേടിയില്ല. അതിനാൽ വീണ്ടും 04.06.2018 ന് തുറക്കുന്നതിനായി വീണ്ടും ദർഘാസ് ക്ഷണിച്ചു. ഇതിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

ചോദ്യം

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി ജലവിതരണം സാധ്യമാക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

മറുപടി

**(ബി)യും, (സി)യും**

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉമ്മന്നൂർ പഞ്ചായത്തിൽ 85 കി.മി വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 65 കി.മീ സ്ഥാപിച്ച് 27.5 കി.മീ ചാർജ്ജ് ചെയ്തിട്ടുണ്ട്. വെളിയം പഞ്ചായത്തിൽ 74 കി.മീ വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 53.8 കി.മി സ്ഥാപിച്ചിട്ടുണ്ട്. വെളിയം പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് ആരംഭിച്ചിട്ടില്ല. പ്രസ്തുത പഞ്ചായത്തുകളിലെ പണി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുന്നതാണ്. ഈ പദ്ധതിയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. പ്രസ്തുത കരാർ ഉറപ്പിക്കുന്ന മുറയ്ക്ക് 12 മുതൽ 18 മാസത്തിനുള്ളിൽ അവശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു

**സെക്ഷൻ ഓഫീസർ**